LIBRARY ARCHIVES Kerala Legislative Assembly

പാനൂർ സബ്ട്രഷറി പണിയുവാൻ തുക അനുവദിക്കാൻ നടപടി

29 [204] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സബ്ട്രഷറികൾക്ക് സ്വന്തമായി കെട്ടിടമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ട്രഷറികൾക്ക് കെട്ടിടം പണിയുവാൻ സർക്കാർ തുക അനുവദിക്കുമോ;

(സി) പാനൂർ സബ്ട്രഷറി വാടകകെട്ടിടത്തിലാണെന്നകാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പാനൂർ സബ്ട്രഷറിക്ക് കെട്ടിടം പണിയുവാൻ ഭൂമി വിട്ടു തന്നാൽ ഈ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണത്തിനുള്ള മുഴുവൻ തുകയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര തുക അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 101 സബ്ട്രഷറികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്.

(ബി) കെട്ടിടങ്ങളില്ലാത്ത എല്ലാ ട്രഷറികൾക്കും കെട്ടിടം പണിയുവാൻ തുക അനുവദിക്കുവാൻ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. മാത്രമല്ല ഇതിനുള്ള സ്ഥലവും എല്ലാ സ്ഥലത്തും ലഭ്യമല്ല.

(സി) പാനൂർ സബ്ട്രഷറി ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്ന് കെട്ടിടം ഉടമ കോടതി മുഖേന ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ ട്രഷറിക്ക് സ്വന്തമായി കെട്ടിടം ലഭ്യമാകുന്നതുവരെ മാറ്റി സ്ഥാപിക്കുന്നതിന് മറ്റു കെട്ടിടം ലഭ്യമാണോ എന്ന് അന്വേഷിക്കുവാൻ ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉടനടി കെട്ടിടം നിർമ്മിക്കുവാൻ സാധ്യമല്ല. മാത്രമല്ല, സ്ഥലം കെട്ടിടം പണിക്ക് യോജ്യമാണോ എന്ന് അറിയാതെ ഇതിനുവേണ്ടി തുക അനുവദിക്കുവാൻ സാധ്യമല്ല.

ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട കേസ്സുകൾ

30 [205] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിനെതിരെ സുപ്രീം കോടതിയിലും വിവിധ ഹൈക്കോടതികളിലുമായി എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) ഏതെങ്കിലും ഉന്നത നീതിപീഠങ്ങളിൽ നിന്ന് സംസ്ഥാന നിയമങ്ങൾക്കെതിരെ നിരോധന ഉത്തരവ് പ്രാബല്യത്തിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട കേസ്സുകളിൽ കേരള സർക്കാരിനെതിരെ എക്സ് പാർട്ടി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ നിരോധിച്ച പേപ്പർ, ഓൺലൈൻ ലോട്ടറികൾക്ക് ഏതെങ്കിലും ഉയർന്ന നീതിപീഠങ്ങൾ വിതരണാനുമതി നൽകിയിട്ടുണ്ടോ;

(ഇ) വിവിധ ഏജൻസികളുടേതായി വിൽക്കപ്പെടുന്ന ലോട്ടറി ടിക്കറ്റുകൾ വ്യാജമല്ലെന്നും നിയമവിധേയമാണെന്നും ഉറപ്പുവരുത്താനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) നിരോധിക്കപ്പെട്ട ലോട്ടറി ടിക്കറ്റുകൾ വിറ്റതിന് കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ 9 കേസ്സുകളും കേരള ഹൈക്കോടതിയിൽ 4 കേസ്സുകളും നിലവിലുണ്ട്.

(ബി) കേരള ഭാഗ്യക്കുറി (നിയന്ത്രണ) നിയമം 2003-ലെ റൂൾ 24(3), 24(10) എന്നിവ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) ഇല്ല

(ഡി) ഇല്ല

(ഇ) വിവിധ ഏജൻസികളുടേതായി വിൽക്കപ്പെടുന്ന ലോട്ടറി ടിക്കറ്റുകൾ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം സെക്ഷൻ 4-ലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്നുള്ള പരിശോധനയിലൂടെ നിയമവിധേയമാണോയെന്ന് ഉറപ്പു വരുത്താവുന്നതാണ്. എന്നാൽ ഏറ്റവും പുതിയ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പരിമിതികളുണ്ട്.

(എഫ്) അനധികൃത ലോട്ടറി ടിക്കറ്റുകൾ വിറ്റതിന് 54 കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം ലംഘിച്ചു കൊണ്ടുള്ള ലോട്ടറി ടിക്കറ്റ് വിൽപ്പന

31 [206] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽപ്പന നടത്തിവരുന്ന അന്യസംസ്ഥാന പേപ്പർ ലോട്ടറി ടിക്കറ്റുകൾ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം ലംഘിച്ചുകൊണ്ടാണ് നടത്തുന്നതെന്ന വസ്തുത സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെയും ഹൈക്കോടതിയെയും അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 16-12-2004-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം വിൽപ്പന നികുതി അടച്ച അന്യസംസ്ഥാന പേപ്പർ ലോട്ടറി ടിക്കറ്റുകൾ സംസ്ഥാനത്ത് വിൽപ്പന നടത്താമെന്ന സാഹചര്യം എങ്ങനെ സംഭവിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾക്ക് വിൽപ്പന നികുതി മാത്രം ഈടാക്കി അവ വിൽക്കാൻ അവസരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly